"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ് - കോവിഡ് 2019 - ലോക്ക്ഡൗൺ നിയന്ത്രണങ്ങൾക്കു വിധേയമായി വിദേശമദ്യ ഷോപ്പുകൾ, ബാർ, ബീയർ/വൈൻ പാർലർ എന്നിവ തുറക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നികുതി (ജി) വകുപ്പ്

**സ.ഉ.(കൈ) നം.41/2020/നി.വ** തീയതി,തിരുവനന്തപുരം, 18/05/2020

---

**പരാമർശം:-** 1 . 26/03/2020-ലെ ജി.ഒ(എം.എസ്) 35/2020/നി.വ.

2 കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 01/05/2020-ലെ 40-3/2020-ഡി.എം-1 (എ) ഉത്തരവ്.

**ഉത്തരവ്**

COVID-19 മഹാമാരി പടർന്നുപിടിക്കുന്നത് തടയുന്നതിന് രാജ്യത്താകെ സമ്പൂർണ്ണ ലോക്ഡൗൺ പ്രഖ്യാപിച്ചതിനെ തുടർന്ന്, സംസ്ഥാനത്ത് പ്രവത്തിച്ചിരുന്ന എല്ലാ മദ്യശാലകളുടെയും പ്രവർത്തനം പരാമർശം (1) പ്രകാരം അവസാനിപ്പിച്ച് ഉത്തരവായിരുന്നു. രാജ്യത്തു മൂന്നാം ഘട്ട ലോക്ഡൗൺ പ്രഖ്യാപിച്ചുകൊണ്ട് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ പരാമർശം (2) ഉത്തരവ് പ്രകാരം രാജ്യത്തു മദ്യ വില്പന ശാലകൾ തുറന്നു പ്രവർത്തിക്കുവാൻ അനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മദ്യ വില്പന ശാലകൾ തുറന്നു പ്രവർത്തിക്കുവാൻ അനുമതി നൽകിയ വിവിധ സംസ്ഥാനങ്ങളിൽ മദ്യ വില്പന കേന്ദ്രങ്ങളുടെ മുന്നിൽ വലിയ തോതിലുള്ള തിരക്ക് അനുഭവപ്പെടുകയുണ്ടായി. ലോക്ഡൗൺ കാലയളവിൽ പ്രഖ്യാപിച്ചിട്ടുള്ള സാമൂഹ്യ അകലം പാലിക്കുവാൻ സാധിച്ചില്ല എന്ന് മാത്രമല്ല പലയിടങ്ങളിലും ക്രമസമാധാന പ്രശ്നങ്ങൾ ഉടലെടുക്കുകയും ചെയ്തു. ലോക്ഡൗൺ കാലയളവിൽ സംസ്ഥാനത്ത് മദ്യ വില്പന ശാലകൾ അടഞ്ഞു കിടന്നത് കാരണം മദ്യം ഉപയോഗിക്കുന്നവരിൽ ഒരു വിഭാഗം വ്യാജമദ്യ ഉപയോഗത്തിലേക്കു തിരിയുകയും, സംസ്ഥാനത്ത് വ്യാജമദ്യ കേസുകളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യം ഉണ്ടാകുകയും ചെയ്തു. ഈ കാലയളവിൽ മദ്യ വില്പനശാലകൾ തുറക്കുന്നതുമായി ബന്ധപെട്ട ബഹുമാനപ്പെട്ട സുപ്രീം കോടതി പരിഗണിച്ച കേസുകളിൽ, മദ്യ വില്പന ശാലകൾ തുറക്കുന്നതിനെതിരെയുള്ള ഹർജികൾ തള്ളി വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. മദ്യ വില്പന ശാലകൾ തുറക്കുന്ന കാര്യത്തിൽ ബന്ധപ്പെട്ട സംസ്ഥാന സർക്കാരുകൾക്ക് നയപരമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും, സംസ്ഥാന സർക്കാരുകൾ ഓൺ ലൈൻ/ഹോം ഡെലിവറി അടക്കമുള്ള സാദ്ധ്യതകൾ, സാമൂഹ്യ അകലം സുഗമമാക്കുന്നതിന് സ്വീകരിക്കാവുന്നതാണെന്നും, ബഹു.സുപ്രീംകോടതി നിർദ്ദേശിക്കുകയുണ്ടായി.

2. സംസ്ഥാനത്ത് കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ, കൺസ്യൂമർ ഫെഡ്എന്നീ സ്ഥാപനങ്ങൾ നടത്തുന്ന 306 വിദേശ മദ്യ ഷോപ്പുകളിൽ 301 എണ്ണം ഇപ്പോൾ പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്തെ മദ്യ ഉപഭോക്താക്കളുടെ എണ്ണം പരിഗണിക്കുമ്പോൾ ഈ വിദേശ മദ്യ വില്പന ഷോപ്പുകൾ വഴി മാത്രം മദ്യ വില്പന നടത്തിയാൽ, നിലവിലെ സാഹചര്യത്തിൽ സാമൂഹ്യ അകലം പാലിച്ചു തിരക്ക് നിയന്ത്രിക്കുന്നതിനു സാധിക്കാതെ വരും എന്ന് സർക്കാർ കരുതുന്നു.

3. മുകളിൽ സൂചിപ്പിച്ചിട്ടുള്ള വസ്തുതകൾ പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വിദേശ മദ്യ

വില്പന ശാലകൾ (FL1) വീണ്ടും തുറന്നു പ്രവർത്തിക്കുന്ന ഘട്ടത്തിൽ, വിദേശ മദ്യ ചട്ടങ്ങൾക്ക് അനുസൃതമായി ചുവടെ ചേർക്കുന്ന നിബന്ധനകളോടെ FL3 (ബാർ), FL11 (ബിയർ/വൈൻ പാർലർ) ലൈസൻസ് സ്ഥാപനങ്ങൾ കൂടി തുറന്നു പ്രവർത്തിക്കുന്നതിനു വിദേശ മദ്യ ചട്ടം 13 (3E), 13 (11B) പ്രകാരം അനുമതി നൽകി ഉത്തരവാകുന്നു.

i. വില്പന ശാലകളിലെ തിരക്ക് നിയന്ത്രിക്കുന്നതിന് ഒരു Mobile Application തയ്യാറാക്കേണ്ടതും ആയതിലൂടെ Virtual Queue സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. ഇതിനാവശ്യമായ നടപടികൾ കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്. മുകളിൽ പറഞ്ഞ Virtual Queue മുഖേന മാത്രമേ ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ മദ്യം വില്പന നടത്താൻ പാടുള്ളൂ.

ii. പ്രസ്തുത Virtual Queue സംവിധാനത്തിന്റെ നടത്തിപ്പും പ്രവർത്തനവും കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ നിയന്ത്രണത്തിലായിരിക്കും. ഇതിനായി ഈ സംവിധാനത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കുള്ള പ്രവർത്തന മാർഗ്ഗരേഖ മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ തയ്യാറാക്കേണ്ടതും, എല്ലാ സ്ഥാപനങ്ങളും അതിനനുസരിച്ച് പ്രവർത്തിക്കേണ്ടതുമാണ്. ഇതോടൊപ്പം ഈ സംവിധാനത്തെക്കുറിച്ച് പൊതുജനങ്ങൾക്കുവേണ്ട നിർദ്ദേശങ്ങളും മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ്.

iii. ലോക്ഡൗൺ പശ്ചാത്തലത്തിൽ വിദേശ മദ്യ വില്പന നിലച്ചിരിക്കുന്നതിനാൽ വിദേശ മദ്യ വില്പന പുനരാരംഭിക്കുന്ന ഘട്ടത്തിൽ അനിയന്ത്രിതമായ തിരക്ക് ഉണ്ടാകാനിടയുണ്ട്. ഇക്കാലയളവിൽ FL3, FL11 ലൈസൻസ് സ്ഥാപനങ്ങൾ അടഞ്ഞു കിടക്കുന്നത് FL1 ഷോപ്പിൽ തിരക്ക് വർദ്ധിക്കുന്നതിനു ഇടയാകും. ഈ സാഹചര്യം പരിഗണിച്ച് FL3 (ബാർ ഹോട്ടൽ), FL11 (ബിയർ/വൈൻ പാർലർ) ലൈസൻസുള്ള സ്ഥാപനങ്ങളിൽ, ഇരുന്നു മദ്യം കഴിക്കുന്നതിനു അനുമതി ലഭ്യമല്ലാത്ത കാലത്തേക്കു മാത്രം പരിമിതപ്പെടുത്തി, നിലവിലുള്ള എല്ലാ FL3, FL11 ലൈസൻസ് സ്ഥാപനങ്ങളിൽ നിന്ന് പ്രത്യേക കൗണ്ടർ വഴി യഥാക്രമം മദ്യം, ബിയർ/വൈൻ എന്നിവ പാഴ്സലായി (sealed bottle) വില്പന നടത്താവുന്നതാണ്. ഇപ്രകാരം നടത്തുന്ന വില്പന കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ തയ്യാറാക്കിയ Mobile Application ലെ Virtual Queue അടിസ്ഥാനത്തിൽ മാത്രമായിരിക്കും.

iv. ഇത്തരത്തിലുള്ള വില്പന, പെർമിറ്റ് റൂം ആയി പ്രവർത്തിക്കുന്ന ഭാഗത്തുനിന്നും മാറി, മദ്യം വില്പന നടത്തുന്നതിന് തയ്യാറാക്കിയിട്ടുള്ള പ്രത്യേക കൗണ്ടറിൽ നിന്ന് മാത്രമായിരിക്കണം.

v. Virtual queue സംവിധാനത്തിൽ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനും, മദ്യം വാങ്ങാൻ അപേക്ഷിക്കുന്ന പൊതുജനങ്ങൾക്ക് നിശ്ചിത സ്ഥാപനത്തിൽ നിന്ന് മദ്യം കിട്ടാതെ വരുന്ന അവസ്ഥ ഒഴിവാക്കുന്നതിനും, പ്രസ്തുത സംവിധാനത്തിൽ വില്പന നടത്തുന്നതിന് തയ്യാറുള്ള എല്ലാ സ്ഥാപനങ്ങളുടെയും പ്രാതിനിധ്യം ഉറപ്പുവരുത്തേണ്ടതാണ്. ഇതിനായി എഫ്.എൽ.3, എഫ്.എൽ.11 സ്ഥാപനങ്ങളുടെ ലൈസൻസ് ഉടമകൾ ഈ സംവിധാനത്തിൽ സഹകരിക്കുവാനുള്ള സമ്മതപത്രം ബിവറേജസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് നൽകേണ്ടതും, പ്രസ്തുത സംവിധാനത്തിന്റെയും, കോവിഡ് സുരക്ഷയ്ക്കായി നിഷ്കർഷിച്ചിട്ടുള്ള പൊതുനിബന്ധനകളുടെയും അടിസ്ഥാനത്തിൽ പ്രവർത്തനം നടത്തേണ്ടതുമാണ്.

vi. ഇത്തരത്തിലുള്ള വില്പന അബ്കാരി നിയമങ്ങൾക്കും മറ്റ് അനുബന്ധ നിയമങ്ങൾക്കും, ചട്ടങ്ങൾക്കും വിധേയമായി മാത്രമേ നടത്തുവാൻ പാടുള്ളൂ.

vii. ഇപ്രകാരം FL3, FL11 ലൈസെൻസ് സ്ഥാപനങ്ങളിൽ നിന്ന് വിദേശ മദ്യം ബിയർ/വൈൻ എന്നിവ വില്പന നടത്തുമ്പോൾ FL1 ഷോപ്പിൽ നിന്ന് വിദേശ മദ്യം, ബിയർ/വൈൻ എന്നിവ വില്പന നടത്തുന്ന അവസരത്തിൽ ഈടാക്കുന്ന പരമാവധി വില്പന വിലയിൽ (MRP) മാത്രമേ വില്പന നടത്തുവാൻ പാടുള്ളൂ.

viii. ഈ സംവിധാനത്തിൽ പ്രവർത്തിക്കുന്ന FL1, FL3, FL11 സ്ഥാപനങ്ങൾ ഇക്കാലയളവിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെ മാത്രം പ്രവർത്തിക്കേണ്ടതാണ് .

4. മുകളിൽ സൂചിപ്പിച്ചിട്ടുള്ള നിബന്ധനകൾ നടപ്പിൽ വരുത്തുന്നതിനും COVID -19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപെട്ട് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പൊതു മാനദണ്ഡങ്ങൾ ഉറപ്പു വരുത്തുന്നതിനും, ആവശ്യമായ മേൽ നടപടികൾ

മാനേജിംഗ്  ഡയറക്ടർ, കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ മാനേജിംഗ്  ഡയറക്ടർ, കൺസ്യൂമർ ഫെഡ് മാനേജിംഗ് ഡയറക്ടർ എന്നിവർ സ്വീകരിക്കേണ്ടതാണ്.  ഇപ്രകാരം തുറന്നു പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ മേൽ പരാമർശിച്ചിട്ടുളള നിബന്ധനകളും അബ്കാരി നിയമവും, ചട്ടങ്ങളും പാലിച്ചാണ് പ്രവർത്തിക്കുന്നത് എന്ന് എക്സൈസ് കമ്മിഷണർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സത്യജിത് രാജൻ**

**അഡീഷണൽ ചീഫ് സെക്രട്ടറി**

എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം

സംസ്ഥാന പോലീസ് മേധാവി.

അക്കൗണ്ടന്റ് ജനറൽ (എ& ഇ/ആഡിറ്റ്) , കേരള, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.

എല്ലാ ജില്ലാ കളക്ടർമാർക്കും

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ

മാനേജിംഗ് ഡയറക്ടർ, കൺസ്യൂമർ ഫെഡ്

എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും (എക്സൈസ് കമ്മീഷണർ മുഖേന)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

പകർപ്പ്:

1. ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

2. ബഹു.എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

3. നികുതി (എക്സൈസ്)  വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്.

4. നികുതി (എക്സൈസ്)  വകുപ്പ് ജോയിന്റ് സെക്രട്ടറിക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ